ACADEMIC

# MASTER PLAN

## 2025-26




## ASSUMPTION HIGH SCHOOL BATHERY

| | |
|---|---|
| വിദ്യാലയത്തിൻെറ പേര് | : അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി |
| വിലാസം | : സുൽത്താൻ ബത്തേരി പി.ഒ. |
| | : വയനാട് ജില്ല 673592 |
| | : ഫോൺ 04936 221560 |
| സ്കൂൾ കോഡ് | : 15051 |
| വിദ്യാഭ്യാസ ഉപജില്ല | : വയനാട് |
| വിദ്യാഭ്യാസ ജില്ല | : വയനാട് |
| റവന്യൂ ജില്ല | : വയനാട് |
| ബി.ആർ.സി. | : സുൽത്താൻബത്തേരി |
| ഗ്രാമ പഞ്ചായത്ത് | : സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി |
| ബ്ലോക്ക്പഞ്ചായത്ത് | :സുൽത്താൻബത്തേരി |
| ജില്ലാ പഞ്ചായത്ത് | :വയനാട് |
| നിയമസഭാമണ്ഡലം | :സുൽത്താൻബത്തേരി |
| ലോകസഭാമണ്ഡലം | : വയനാട് |
| താലൂക്ക് | :ബത്തേരി |
| വില്ലേജ് | : സുൽത്താൻബത്തേരി |
| ഇ-മെയിൽ | : assumption.sby@gmail.com |
| വെബ്സൈറ്റ് | : |
| സ്കൂൾവിക്കി | :www.schoolwiki.in/15051 |

# ഉള്ളടക്കം

1.ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയം വികവിൻെറ കേന്ദ്രം- കാഴ്ചപ്പാട്

4. പ്രതീക്ഷിത നേട്ടങ്ങൾ

5. വാർഷിക പദ്ധതി- ദിനാചരണങ്ങൾ

6. അക്കാദമിക് മാസ്റ്റർ പ്ലാൻ- വിവിധ വിഷയങ്ങൾ

7. മാസ്റ്റർ ബ്രെയിൻ

8. എല്ലാവരും എഴുതുന്നു..എല്ലാവരും വായിക്കുന്നു..

9. ഉപസംഹാരം

# ആമുഖം

പശ്ചിമഘട്ട മലനിരകളുടെ മടിത്തട്ടിൽ ചരിത്രവും സംസ്കാരവും പ്രകൃതിയും കൈകോർക്കുന്ന വയനാടിൻെറ ഹൃദയഭാഗത്ത് തലമുറകൾക്ക് അറിവായി, അഗ്നിയായി, ജ്വലിക്കുന്ന അസംപ്ഷൻ ഹൈസ്കൂൾ, സുൽത്താൻ ബത്തേരിയിൽ സ്ഥിതി ചെയ്യുന്നു. ബഹുമാനപ്പെട്ട ജോസഫ് വെട്ടിക്കുഴിച്ചാലിലച്ചൻെറ ദീർഘവീക്ഷണത്തിലും ഇച്ഛാശക്തിയിലും നല്ലവരായ ബത്തേരിക്കാരുടെ സഹായ സഹകരണത്തോടെ 1982 ൽ ആരംഭിച്ച വിദ്യാലയമാണ് അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ. 1981 നവംബർ 14 ന് മൂന്ന് ഡിവിഷനുകളിലായി 102 പെൺ കുട്ടികളും ആറ് അധ്യാപികമാരും രണ്ട് അനധ്യാപകരും ശ്രീമതി ആനി ജോസഫ് ടീച്ചറുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. 1982 ജൂലൈ 31 തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ടി. എം. ജേക്കബ് ഈ വിദ്യാലയം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

പാഠ്യ പഠ്യേതര വിഷയങ്ങളിൽ തുടക്കം മുതൽ മികവ് പുലർത്തിയിരുന്ന ഈ വിദ്യാലയം 1989 ൽ മാനന്തവാടി രൂപതാ കോർപ്പറേറ്റിൽ ലയിച്ചു. പെൺകുട്ടികൾക്കായി മാത്രം ആരംഭിച്ച വിദ്യാലയം മാതാപിതാക്കളുടെ ആവശ്യ പ്രകാരം 2000 ൽ ആൺകുട്ടികൾക്കു കൂടി പഠനാവസരം നൽകിക്കൊണ്ട് അസംപ്ഷൻ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി. നിർദ്ധനരായ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി 2006- ൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. കേരളത്തിലെ മുൻനിര വിദ്യാലയങ്ങളിൽ ഒന്നായി മാറിയ ഈ വിദ്യാലയം 2007 ൽ പ്രൗഢഗംഭീരമായി സിൽവർ ജൂബിലി ആഘോഷിച്ചു. ജൂബിലി സ്മാരകമായി പുതിയ ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

നൂറ് ശതമാനം എസ്.എസ്.എൽ.സി. വിജയം നിലനിർത്തിക്കൊണ്ട് എല്ലാ മേഖലകളിലും അഭിമാനിക്കത്തക്കവിധത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഈ വിദ്യാലയം കലാ കായിക, ശാസ്ത്ര ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐ ടി, പ്രവർത്തി പരിചയ മേഖലകളിൽ സംസ്ഥാന തലത്തിൽ വയനാടിൻെറ യശസ്സ് ഉയർത്താൻ മുഖ്യ പങ്കു വഹിച്ചു വരുന്നു. കുട്ടികളുടെ സർവ്വതോന്മുഖ വളർച്ച ലക്ഷ്യമാക്കികൊണ്ട്, രാജ്യസേവന തൽപരരായ ഉത്തമ പൗരൻമാരെ വാർത്തെടുക്കുന്നതിന് എൻ.സി.സി., സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി, യൂണിറ്റുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

മൂല്യ ബോധമുള്ള കുട്ടികളെ സമൂഹത്തിലെത്തിക്കാൻ സന്മാർഗ ക്ലാസുകൾ സ്കൂളിൽ സംഘടിപ്പിച്ചു വരുന്നു. പരിസ്ഥിതിയെ അറിഞ്ഞ് സംരക്ഷിക്കാനും അടുത്ത തലമുറയ്ക്കായി ജീവനുള്ള ഭൂമിയെ കരുതിവെയ്ക്കാനും നേച്ചർ ക്ലബ് വഴി പരീശീലിപ്പിക്കുന്നു. സോഷ്യൽ സയൻസ്, സയൻസ് , ഇംഗ്ലീഷ് , പ്രവർത്തി പരിചയ, ഹിന്ദി, സ്പോർട്സ്, മലയാളം, ഫിലിം,ട്രാഫിക്, ഗണിത, ബാലജനസഖ്യം, വിദ്യാരംഗം, സംസ്കൃത, മ്യൂസിക്, ആരോഗ്യ, ലഹരി വിരുദ്ധ ക്ലബുകളും ഇവിടെ പ്രവത്തിക്കുന്നുണ്ട്. ഈ ക്ലബുകളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളിലൂടെ ആത്മജ്ഞാനവും, ആർദ്രസ്നേഹവും നിസ്വാർത്ഥ സേവന മനോഭാവവും സ്വന്തമാക്കി രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കുകാരാകാൻ വിദ്യാർത്ഥികൾ പരിശീലിപ്പിക്കപ്പെടുന്നു. വർഷംതോറും മികച്ച പഠനനേട്ടങ്ങളുമായി സമൂഹത്തിലേയ്ക്കിറങ്ങുന്ന മിടുക്കന്മാരും മിടുക്കികളുമാണ് അസംപ്ഷൻെറ മികവിൻെറ അടയാളം.

ഈ സരസ്വതീ ക്ഷേത്രത്തിൻെറ വളർച്ചയിൽ കൈത്താങ്ങായി മാറിയ എല്ലാ ശ്രേഷ്ഠ വ്യക്തികൾക്കും നന്ദി അർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

1. പൊതു വിദ്യാഭ്യാസത്ത സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുക.

2. വിദ്യാർത്ഥികൾക്ക് പഠനം രസകരവും, സർഗാത്മകമാകുന്നതിനുമാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

3. പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെ മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

4. ജനാധിപത്യം, മതേതരത്വം, മൂല്യബോധം എന്നിവയിലധിഷ്ഠിതമായ വിദ്യാഭ്യാസം മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.

5. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

6. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പ്രവർത്തനങ്ങളോടെ പശ്ചാത്തല സൗകര്യം ഒരുക്കുക.

7. അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയം മികവിൻെറ കേന്ദ്രം

- പാഠ്യ പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെയും സമൂഹത്തിൻെറയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ടുള്ള ഒരു വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുക

- പ്രകൃതി സംരക്ഷണം, ജലസംരക്ഷണം എന്നിവയിലൂടെ ജീവൻെറ കാവലാളാകുവാനും, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങളെ തടയുന്നതിനാവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക.

- പൊതു സമൂഹം ഇന്ന് നേരിടുന്ന മൂല്യ തകർച്ചയിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കാനും, മദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം തടഞ്ഞ് സ്ത്രീ സുരക്ഷ, സാമൂഹ്യ സമത്വം, തുല്യ നീതി, തുല്യ അവസരം എന്നീ ലക്ഷ്യങ്ങൾ നേടുവാനും ആവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഉറപ്പു വരുത്തുക.

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കി രോഗവിമുക്തമായ ഒരു പൊതു സമൂഹത്തെ വാർത്തെടുക്കുക.

- വിദ്യാലയത്തിൻെറ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിനുമായി ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തി പഠനം രസകരവും, വിജ്ഞാന പ്രദവും സർഗ്ഗാത്മവുമാക്കി മാറ്റുക.

- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക

- പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

# പ്രതീക്ഷിത നേട്ടങ്ങൾ

- ✗ ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം.
- ✗ സ്കൂൾ സമൂഹത്തിൽ എന്നാശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ✗ വിദ്യാർത്ഥികളിൽ മൂല്യങ്ങൾ ഉറപ്പുവരുത്തുന്നു.
- ✗ ആർജിത ശേഷികൾ പരിപോഷിപ്പിക്കുന്നു
- ✗ ഭൗതിക തലത്തിലും അക്കാദമിക തലത്തിലും ഉന്നത നിലവാരം ആർജ്ജിക്കുന്നു.
- ✗ മാനവികതയിലൂന്നിയുള്ള രാഷ്ട്രതന്ത്രജ്ഞരെ വളർത്തികൊണ്ടു വരിക.
- ✗ രാജ്യ പുരോഗതിക്കുതകുന്ന ഒരു തലമുറയെ വാർത്തെടുക്കുക
- ✗ ലഹരിവസ്തുക്കൾക്കടിമപ്പെടാത്ത ഒരു തലമുറയെ സൃഷ്ടിക്കുക.
- ✗ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ ഉയർത്തി കൊണ്ടു വരിക.
- ✗ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുക
- ✗ രാജ്യസ്നേഹവും ദേശബോധവുമുള്ള ജനതയെ വളർത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ അസംപ്ഷൻ ഹൈസ്കൂൾ സുൽത്താൻ ബത്തേരി- 2024-2025 വർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.
2. വികസനാവശ്യങ്ങൾ ക്ലാസ്- വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപ രേഖ SRG, SMC, PTA, MPTA, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. അക്കാദമികം-ഭൗതീകം-സാമൂഹികം എന്നീ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകൾക്ക് ചുമതല ഏൽപ്പിച്ചു.
6. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ
7. സാമ്പത്തിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഫിനാൻസ് കമ്മിറ്റി രൂപീകരിച്ചു.
8. എസ്.ആർ.ജി. യോഗത്തിൽ അസംപ്ഷ്ൻ സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

## നിലവിലെ അവസ്ഥാ വിശകലനം

### എ) ഭൗതീകം-നേട്ടങ്ങൾ

നിലവിലുള്ള 18 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികളാണ്(ടൈൽ, ഫാൻ, പ്രൊജക്ടർ,സൗണ്ട് സിസ്റ്റം)

ഓഫീസ്, സ്റ്റാഫ് റൂം,ലൈബ്രറി, ഐ.ടി. ലാബ്, പാചകപ്പുര, മ്യൂസിയം, മ്യൂസിക് റൂം എന്നിവടങ്ങളിൽ മതിയായ സൗകര്യങ്ങളുണ്ട്.

### ബി) ഭൗതീകം പരിമിതികൾ

ചുറ്റമതിൽ ഇല്ല, കുട്ടികൾക്കാവശ്യമായ കളിസ്ഥലം, ശൗചാലയം, ഗേൾസ് ഫ്രണ്ട് ലി റൂം, ഓപ്പൺ ഓഡിറ്റോറിയം, സ്കൂൾ കവാടം എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആധുനിക സയൻസ് ലാബ്, സോഷ്യൽ സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, മുതലായവ നിലവിലില്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള ഭോജനശാല, ഫിസിക്കൽ ട്രെയിനിംഗിനുള്ള ജിംനേഷ്യം, വീഡിയോ റൂം, ഇൻഡോർ സ്റ്റേഡിയം എന്നിവയും നിർമ്മിക്കേണ്ടതുണ്ട്.

### സി) അക്കാദമിക നേട്ടങ്ങൾ

നിരവധി വർഷങ്ങളായി ഉന്നതവിജയം. എ പ്ലസ് നേടുന്നവരുടെ എണ്ണം 77. ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തി പരിയമേള,ഐടി മേള,യുവജനോത്സവം എന്നിവയിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ മികച്ച പ്രകടനം. സ്പോർട്സ്, ഗെയിംസ് രംഗങ്ങളിൽ ദേശീയ തലത്തിൽ നേട്ടം. സ്കൂൾ വിക്കി യിൽ ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### ഡി) അക്കാദമിക പരിമിതികൾ

ഭാഷാ വിഷയങ്ങളിൽ എഴുത്തും വായനയും അറിയാത്തവർ നിലവിലുണ്ട്. ഗണിത ശാസ്ത്രത്തിൽ ചതുഷ്ക്രിയകൾ അറിയാത്തവർ ഉണ്ട്. ക്ലാസ് ലൈബ്രറികൾ സജ്ജീകരിച്ചിട്ടില്ല.

## വാർഷിക പദ്ധതി- ദിനാചരണങ്ങൾ

| ജൂൺ | | | | |
|---|---|---|---|---|
| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
| 1 | 2 | പ്രവേശനോത്സവം | ചെണ്ടമേളത്തിൻറ അകമ്പടിയോടെ പുതിയ വിദ്യാർത്ഥികളെ ആനയിക്കൽ, അസംബ്ലി | സ്റ്റാഫ് |
| 2 | 5 | പരിസ്ഥിതിദിനാചരണം | തൈ നടൽ, വിവിധ മത്സരങ്ങൾ, മുത്തങ്ങ വനത്തിൽ വിത്തെറിയൽ | പരിസ്ഥിതി ക്ലബ് എൻ.സി.സി. |
| 3 | 10 | ലോക സമുദ്ര ദിനാചരണം | സമുദ്രങ്ങളെ പരിചയപ്പെടൽ | സോഷ്യൽ സയൻസ് |
| 4 | 11 | ഇംഗ്ലീഷ് ക്ലബ് രൂപീകരണം | | |
| 5 | 11 | ഗണിതക്ലബ് രൂപീകരണം | | |
| 6 | 11 | വിദ്യാരംഗം ക്ലബ് രൂപീകരണം | | |
| 7 | 17 | വിജയോത്സവം, | വിവിധ ക്ലബുകളുടെ ഉദ്ഘാടനം | സ്റ്റാഫ്. പി.ടി.എ |
| 8 | 17 | ഫിലിം ക്ലബ് രൂപീകരണം | ഹിന്ദി ക്ലബ് രൂപീകരണം | |
| 9 | 19 | വായനപക്ഷാചരണം | പുസ്തക പരിചയം, വിവിധ മത്സരങ്ങൾ, എഴുത്തുകാരെ പരിചയപ്പെടൽ, പുസ്തക കൈമാറ്റം, കുടുംബ വായന | ഇംഗ്ലീഷ് ക്ലബ്, മലയാളം ക്ലബ്. |
| 10 | 20 | മികവുത്സവം | NMMSE,രാജ്യ പുരസ്കാർ, മോറൽ സയൻസ് അവാർഡ് ജേതാക്കളെ ആദരിക്കൽ | പി.ടി.എ. സ്റ്റാഫ് |
| 11 | 23 | പ്രവൃത്തി പരിചയ ക്ലബ് രൂപീകരണം | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം | പ്രവൃത്തി പരിചയ ക്ലബ് |
| 12 | 24 | സ്കൗട്ട് ഗൈഡ്സ് പുതിയ യൂണിറ്റിന്റെ രൂപീകരണം | | |
| 13 | 25 | ഹിന്ദി അസംബ്ലി | ഹിന്ദിയിൽ അസംബ്ലി നടത്തുന്നു | ഹിന്ദി ക്ലബ് |
| 14 | 26 | ഗണിത ക്വിസ് | | മാത് സ് ക്ലബ് |

| | | | | |
|---|---|---|---|---|
| 15 | 27 | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് പ്രഖ്യാപനം | | എൻ.ജി.സി. ക്ലബ് |
| 16 | 30 | പരിസര ശുചീകരണം | | ജെ.ആർ.സി. |

## ജൂലൈ

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 1 | ദിനവൃത്താന്തം | പ്രക്ഷേപണം | റേഡിയോ ക്ലബ് |
| | 2 | ശാസ്ത്രപഥം, ടിങ്കറിംഗ് ലാബ്, നിപുൺ ഭാരത് | ക്ലാസ് റൂം പ്രവർത്തനങ്ങൾ | |
| 2 | 4 | ബഷീർ അനുസ്മരണം | ഫിലിം ഷോ | ഫിലിം ക്ലബ് |
| | | ലിറ്റിൽ കൈറ്റ്സ് | സ്കൂൾ തല പരിശീലനം | ക്ലബ് |
| 3 | 10 | കവിതാ രചന | പരിശീലനം | ഇംഗ്ലീഷ് ക്ലബ് |
| 4 | 14 | പരിസ്ഥിതി ക്വിസ് | ക്ലാസ് അടിസ്ഥാനത്തിൽ | എൻ.ജി.സി. |
| 5 | 15 | പോസ്റ്റർ രചന | മത്സരം | ഹിന്ദി ക്ലബ് |
| 6 | 17 | ജ്യോമട്രിക്കൽ ചാർട്ട് പ്രദർശനം | | മാത് സ് ക്ലബ് |
| 7 | 18 | സഞ്ചാര സാഹിത്യ പരിചയം | | ഫിലിം ക്ലബ് |
| 8 | 25 | | ഭിന്ന ശേഷി കുട്ടികളെ സന്ദർശിക്കുന്നു | ജെ.ആർ.സി. |
| 9 | 28 | | ഡോക്യുമെന്ററി പ്രദർശനം | മാത് സ് ക്ലബ് |
| 10 | 29 | | ക്വിസ് പ്രോഗ്രാം | ഹിന്ദി ക്ലബ് |
| 11 | 30 | | നമ്പർ ചാർട്ട് പ്രദർശനം | ഗണിത ക്ലബ് |
| 12 | 31 | ദേശീയ എംബ്രോയിഡറി ദിനം | പരിശീലനം | പ്രവൃത്തി പരിചയ ക്ലബ്. |

## ആഗസ്റ്റ്

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 1 | യൂണിറ്റ് ക്യാമ്പ് | | എസ്. ജി. |
| 2 | 1 | ദിനവൃത്താന്തം | പ്രക്ഷേപണം | റേഡിയോമാറ്റൊലി |
| 3 | 4 | സ്റ്റാഫ് ഡേ ആചരണം | | റേഡിയോ ക്ലബ് |
| 4 | 5 | ഉപന്യാസ മത്സരം | പരിശീലനം | വിദ്യാരംഗം ക്ലബ് |
| 5 | 6 | ഹിരോഷിമ ദിനം | യുദ്ധവിരുദ്ധറാലി, സഡാക്കോ കൊക്ക് നിർമ്മാണം, | സോഷ്യൽ സയൻസ് ക്ലബ്. എൻ.ജി.സി. |
| 6 | 7 | ദേശീയ കൈത്തറി ദിനം | ഫീൽഡ് ട്രിപ് | പ്രവൃത്തി പരിചയ ക്ലബ് |
| 7 | 8 | കൗമാര വിദ്യാഭ്യാസം | ക്ലാസ് | ഹെൽത്ത് ക്ലബ് |
| 8 | 8 | ക്വിറ്റ് ഇന്ത്യാ ദിനം | സന്ദേശം കൈമാറൽ | സോഷ്യൽ സയൻസ് |
| 9 | 9 | നാഗസാക്കി ദിനം | യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം | സോഷ്യൽ സയൻസ് |
| 10 | 12 | ഗണിതമേള | സ്കൂൾ തല മത്സരം | ഗണിത ക്ലബ് |
| 11 | 15 | സ്വാതന്ത്ര്യ ദിനം | പതാക വന്ദനം, റാലി,ക്വിസ്, പ്രച്ഛന്നവേഷം, പതിപ്പ് നിർമ്മാണം | സോഷ്യൽ സയൻസ് |
| 12 | 16 | ക്വിസ് | ദേശഭക്തി ഗാന മത്സരം | മ്യൂസിക് ക്ലബ് |
| 13 | 18 | സാമൂഹ്യ ശാസ്ത്ര മേള | സ്കൂൾ തല മത്സരം | സോഷ്യൽ സയൻസ് |
| 14 | 19 | കർഷകദിനാചരണം | പോസ്റ്റർ രചനാ മത്സരം | എൻ.ജി.സി. |
| 15 | 22 | ഭാസ്കരാചാര്യ ദിനം | സെമിനാർ | ഗണിതക്ലബ് |

# സെപ്റ്റംബർ

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 3 | ഓണാഘോഷം | ഗ്രീറ്റിം കാർഡ് നിർമ്മാണംവിവിധ മത്സരങ്ങൾ, ഓണസദ്യ, | പ്രവൃത്തി പരിചയക്ലബ് മലയാളം ക്ലബ് |
| 2 | 3 | അധ്യാപകദിനാഘോഷം | മീറ്റിംഗ്, ആദരിക്കൽ | സോഷ്യൽസയൻസ് |
| 3 | 8 | ഹിന്ദി സാഹിത്യ മത്സരം | പുസ്തക പരിചയം | ഹിന്ദി ക്ലബ് |
| 4 | 12 | | കൈയ്യെഴുത്ത് മാസിക പ്രകാശനം | വിദ്യാരംഗം ക്ലബ് |
| 6 | 13 | ഹിന്ദിദിനാചരണം | ഹിന്ദി അസംബ്ലി | ഹിന്ദി ക്ലബ് |
| 7 | 18 | ഓസോൺ ദിനാചരണം | പരിസ്ഥിതി സെമിനാർ | സോഷ്യൽസയൻസ് |
| 8 | 23 | | ക്യാമ്പസ് ക്ലീനിംഗ് | ജെ.ആർ.സി. |
| 9 | 23 | രാമാനുജൻ ഡെ | പേപ്പർ പ്രസൻെറഷൻ | ഗണിത ക്ലബ് |
| 10 | 25 | കമ്മൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | | ഇംഗ്ലീഷ് ക്ലബ് |
| 11 | 30 | ലോക ഹൃദയ ദിനം (സന്ദേശം, മുദ്രാവാക്യ മത്സരം | | സയൻസ് ക്ലബ് |

## ഒക്ടോബർ

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 2 | ഗാന്ധി ജയന്തി | മാസാചരണം, ഗാന്ധി ക്വിസ് ഗാന്ധി സിനിമാ പ്രദർശനം | സോഷ്യൽസയന്സ് |
| 2 | 3 | | ഉപന്യാസ രചനാ മത്സരം | ഇംഗ്ലീഷ് ക്ലബ് |
| 3 | 10 | പെൻ സ്റ്റാൻൻറ് നിർമ്മാണം | | പ്രവൃത്തി പരിചയ ക്ലബ് |
| 4 | 14 | ജൈവ വൈവിധ്യ പഠനം | ഫീൽഡ് ട്രിപ് | എൻ.ജി.സി. |
| 5 | 15 | ഗണിത ക്വിസ് | | ഗണിത ക്ലബ് |
| 6 | 16 | പെയിൻ പാലിയേറ്റീവ് ദിനം | രോഗി സന്ദർശനം | ജെ.ആർ.സി. |
| 7 | 17 | ലോക ഭക്ഷ്യ ദിനം | ഡോക്യുമെൻററി പ്രദർശനം | എൻ. ജി.സി. |
| 8 | 24 | ഐക്യരാഷ്ട്രസഭാ ദിനം | സന്ദേശം, ക്വിസ് | സോഷ്യൽ സയൻസ് |
| 9 | 27 | ഇംഗ്ലീഷ് ഫെസ്റ്റ് | സ്കിറ്റ് | ഇംഗ്ലീഷ് ക്ലബ് |

## നവംബർ

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 1 | കേരളപ്പിറവി | ഒരു ദിനം ഒരു ചോദ്യം, കേരള ക്വിസ് | SS ക്ലബ് |
| 2 | 3 | | സർഗവേള | മലയാളം ക്ലബ് |
| 3 | 4 | | സാഹിത്യ മത്സരങ്ങൾ | വിദ്യാരംഗം കലാ സാഹിത്യ വേദി |
| 4 | 5 | | പരിസര ശുചീകരണം | സ്കൗട്ട് & ഗൈഡ്സ് |
| 5 | 6 | | രാജ്യ പുരസ്കാർ റിക്കോർഡ് പരിശോധന | സ്കൗട്ട് & ഗൈഡ്സ് |
| 6 | 7 | | പകർച്ചവ്യാധി പ്രതിരോധം ബോധവൽക്കരണം | ജെ.ആർ.സി. |
| 7 | 7 | സി.വി. രാമൻ ദിനാഘോഷം | ഉപന്യാസം, സംവാദം | സയൻസ് ക്ലബ് |
| 8 | 13 | ദേശീയ വിദ്യാഭ്യാസ ദിനം | ജീവചരിത്ര കുറിപ്പ് | SS ക്ലബ് |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കൽ<br>മൗലാനാം അബ്ദുൾ കലാം | |
| 9 | 13 | | ഡോക്യുമെൻററി നിർമ്മാണം | ഹിന്ദി ക്ലബ് |
| 10 | 13 | ശാസ്ത്രദിനം | ക്വിസ്, ശാസ്ത്ര സെമിനാർ, | സയൻസ് ക്ലബ് |
| 11 | 14 | ശിശുദിനാഘോഷം | ഉപന്യാസം : ജവഹർലാൽ നെഹറു രാഷ്ട്രശില്പി | SS ക്ലബ് |
| 12 | 19 | ദേശീയോദ്ഗ്രഥന ദിനം | സ്കിറ്റ് അവതരണം | SS ക്ലബ് |
| 13 | 20 | എസ്. ആർ. ജി. മീറ്റിംങ് | | |
| 14 | 26 | ഭരണഘടനാ ദിനം | ഭരണഘടന പരിചയപ്പെടൽ, | സോഷ്യൽ സയൻസ് |
| 15 | 27 | | ക്വിസ് പ്രോഗ്രാം | സോഷ്യൽ സയൻസ് |
| 16 | 28 | ജലസംരക്ഷണദിനാചരണം | വെള്ളം സാമ്പിൾപരിശോധന, ബോധവൽകരണം | സയൻസ് ക്ലബ് |
| 17 | 28 | | ജല സംരക്ഷണ ദിന സന്ദേശം | നേച്ചർ ക്ലബ് |
| 18 | 29 | പഴശ്ശിരാജാ ചരമ ദിനം | പ്രകൃതി പഠന യാത്ര | സ്കൗട്ട് & ഗൈഡ്സ് |

## ഡിസംബർ

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 1 | എയിഡ്സ് ദിനാചരണം | സൈക്കിൾ റാലി | സ്പോർട്സ് ക്ലബ് |
| 2 | 2 | എയിഡ്സ് ദിനാചരണം | ബോധവൽക്കരണ ക്ലാസ് | സയൻസ് ക്ലബ് |
| 3 | 2 | ഭോപ്പാൽ വാതക ദുരന്ത ദിനം | ചർച്ച: വ്യവസായവൽക്കരണവും ദുരന്തഫലങ്ങളും | സയൻസ് ക്ലബ് |
| 4 | 3 | ലോക ഭിന്നശേഷി ദിനം | വീഡിയോ പ്രദർശനം<br>സ്പെഷ്യൽ സ്കൂൾ സന്ദർശനം | ജെ.ആർ.സി. |
| 5 | 5 | എസ്. ആർ. ജി. മീറ്റിംങ് | പരിസര ശുചീകരണം<br>ട്രൂപ്പ് മീറ്റിംഗ് | സ്കൗട്ട & ഗൈഡ്സ് |
| 6 | 5 | ഭക്ഷ്യ സുരക്ഷാ ദിനം | ബോധവൽക്കരണ ക്ലാസ് | നേച്ചർ ക്ലബ് |

| | | | | |
|---|---|---|---|---|
| 7 | 8 | ബഷീർ അനുസ്മരണം | കൃതികളെ പരിചയപ്പെടൽ | മലയാളം ക്ലബ് |
| 8 | 9 | എസ്. ആർ. ജി. മീറ്റിംങ് | കുട്ടികവിയരങ്ങ് | മലയാളം ക്ലബ് |
| 9 | 10 | ലോക മനുഷ്യാവകാശ ദിനം | പ്രതിജ്ഞ /ചൊല്ലൽ സന്ദേശം | സോഷ്യൽ സയൻസ് ക്ലബ് |
| 10 | 12 | വൃദ്ധസദന സന്ദർശനം | ക്ലോത്ത് ബാങ്കിംങ് | ജെ.ആർ.സി. |
| 11 | 12 | ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം | പാഴ്വസ്തുക്കൾകൊണ്ട് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മാണ പരിശീലനം | പ്രവൃത്തി പരിചയ ക്ലബ് |
| 12 | 16 | | ക്ലാസിക് സിനിമാ പ്രദർശ്ശനം | ഫിലിം ക്ലബ് |
| 13 | 17 | രാമാനുജൻ ദിനാചരണം | പേപ്പർ പ്രസന്റേഷൻ | ഗണിത ക്ലബ് |
| 14 | 20 | ക്രിസ്തുമസ് ദിനാഘോഷം | | |
| 15 | 30,31 | | രാജ്യ പുരസ്കാർ ഒരുക്കം, ടെസ്റ്റ് | സ്കൗട്ട് & ഗൈഡ്സ് |

## ജനുവരി 26

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 1 | പുതുവത്സരാഘോഷം | | സ്കൂൾ പാർലമെൻറ് |
| 2 | 2 | ഗലീലിയോ ദിനം | ടെലസ്കോപ്പ് നിർമ്മാണം | സയൻസ് ക്ലബ് |
| 3 | 5 | എസ്. ആർ. ജി. മീറ്റിംങ് | പ്രഥമ ശുശ്രൂഷ പരിശീലനം | ജെ.ആർ.സി. |
| 4 | 6 | | നിയമ ബോധവൽക്കരണ ക്ലാസ് | ലീഗൽ ക്ലബ് |
| 5 | 6 | തപോവനം സന്ദർശനം | ഭക്ഷണ വിതരണം | ജെ.ആർ.സി. |
| 6 | 8 | | Stay Fit Stay Home Evaluation | സ്പോർട്സ് ക്ലബ് |

| | | | | |
|---|---|---|---|---|
| 7 | 9 | ആഗോളതാപനം | സെമിനാർ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും | നേച്ചർ ക്ലബ് |
| 8 | 13 | ദേശീയ യുവജന ദിനാചരണം | ജയിൽ സന്ദർശനം | ക്യാമ്പസ് മിനിസ്ട്രി |
| 9 | 15 | ഭാസ്കരാചാര്യ ദിനം | പേപ്പർ പ്രസന്റേഷൻ | ഗണിത ക്ലബ് |
| 10 | 16 | സെമിനാർ | Say No to Drugs | എൻ.സി.സി |
| 11 | 16 | ആശാൻ ദിനാഘോഷം | ചെറുകഥാ ശില്പശാല | മലയാളം ക്ലബ് |
| 12 | 20 | Games Promotion Programme | | സ്പോർട്സ് ക്ലബ് |
| 13 | 22 | Preparation for A level Exam | | NCC |
| 14 | 26 | റിപ്പബ്ലിക് ദിനം | പതാക വന്ദനം, സന്ദേശം | SS ക്ലബ് |
| 15 | 29 | എസ്. ആർ. ജി. മീറ്റിംങ് | | |
| 16 | 30 | രക്തസാക്ഷി ദിനം | ഡോക്യുമെൻററി നിർമ്മാണം | SS ക്ലബ് |
| 17 | 31 | ഗാന്ധി അനുസ്മരണം | ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന | സ്കൗട്ട് & ഗൈഡ്സ് |
| 18 | | | സർവ്വ മത പ്രാർത്ഥന | |
| 19 | 31 | കുഷ്ഠ രോഗ നിർമ്മാജന ദിന പരിപാടി | ബോധവൽക്കരണ ക്ലാസ് | സയൻസ് ക്ലബ് |

## ഫെബ്രുവരി 26

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 5 | ലോക തണ്ണീർത്തട ദിനം | പ്രസംഗ മത്സരം ജലസംരക്ഷണം | സോഷ്യൽ സയൻസ് ക്ലബ് |
| 2 | 6 | | പ്രസംഗ പരിശീലനം | മലയാളം ക്ലബ് |
| 3 | 6 | | കരിയർ ഗൈഡൻസ് | സോഷ്യൽ സയൻസ് ക്ലബ് |
| 4 | 13 | ഒ.എൻ.വി. ചരമദിന അനുസ്മരണം | കവിതകൾ പരിചയപ്പെടൽ | മലയാളം ക്ലബ് |
| 5 | 16 | | മോട്ടിവേഷൻ ക്ലാസ് | |

| | | | | |
|---|---|---|---|---|
| 6 | 17 | | ഗണിത ക്വസ് | ഗണിത ക്ലബ് |
| 7 | 19 | എസ്. ആർ. ജി. മീറ്റിംങ് | | |
| 8 | 21 | ലോക മാതൃഭാക്ഷാ ദിനാചരണം | കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 9 | 23 | ലോക സ്കൗട്ട് ദിനം | യൂണിറ്റ് ക്യാമ്പ് | സ്കൗട്ട് & ഗൈഡ്സ് |
| 10 | 24 | | നേതൃത്വ പരിശീലനം | ബാലജന സഖ്യം |
| 11 | 25 | എസ്. ആർ. ജി. മീറ്റിംങ് | | |
| 12 | 28 | ദേശീയ ശാസ്ത്ര ദിനം | സംവാദം | സയൻസ് ക്ലബ് |
| 13 | | | ബോധവൽക്കരണ ക്ലാസ് | |

## മാർച്ച് 26

| നമ്പർ | തീയ്യതി | ദിനാഘോഷം | പ്രവർത്തനങ്ങൾ | ക്ലബ് |
|---|---|---|---|---|
| 1 | 3 | | ടീനേജ് സംശയങ്ങളും മറുപടിയും | ക്യാമ്പസ് മിനിസ്ട്രി |
| 2 | 4 | | വാർഷിക പരീക്ഷ ഒരുക്കം | |
| 3 | 4 | എസ്. ആർ. ജി. മീറ്റിംങ് | | |
| 4 | 5 | | ട്രാഫിക് നിയമങ്ങൾ ക്ലാസ് | ട്രാഫിക് ക്ലബ് |
| 5 | 10 | ലോക വനിതാ ദിനാചരണം | ക്ലാസ് | സോഷ്യൽ സയൻസ് |
| 6 | 11 | | യാത്രയയപ്പ് ഗ്രൂപ്പ് ഫോട്ടോ | സ്കൗട്ട് & ഗൈഡ്സ് |
| 7 | 23 | ലോക ജല ദിനം | പോസ്റ്റർ രചനാ മത്സരം<br>ജല സാമ്പിൾ പരിശോധന<br>ജല സംരക്ഷണ പ്രതിജ്ഞ | സയൻസ് ക്ലബ് |
| | | | | |
| | | | | |
| | | | | |
| | | | | |

## ബ്രിഡ്ജ് കോഴ്സ്:

## മലയാളം

2025-26 അധ്യയന വർത്തിൽ എല്ലാവരും വായിക്കുന്ന എല്ലാവരും എഴുതുന്ന എന്ന പ്രോജക്ടിൻെറ ഭാഗമായി എഴുത്തും വായനയും അറിയാത്തവരെ കണ്ടെത്തുന്നതിനായി പ്രാഥമിക പരിശോധന നടത്തി, പത്ത് വാക്കുകൾ തെറ്റില്ലാതെ എഴുതുക. മൂന്ന് വാക്യങ്ങൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കുക എന്നതായിരുന്നു നൽകിയ പ്രവർത്തനം. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി നടത്തിയ ഒന്നാംഘട്ടം പഠനപിന്തുണ ആവശ്യമുള്ളവരെ കണ്ടെത്താൻ സഹായമായി. ക്ലാസ് അധ്യാപകരുടെ കൂടെ സഹകരണത്തോടെ പ്രത്യേകം തയ്യാറാക്കിയ കൈപുസ്തകത്തിലെ പ്രവർത്തനങ്ങൾ നൽകി കൂടുതൽ മികവിലേക്ക് കുട്ടികളെ എത്തിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

### 1.അക്ഷരബോധം

താഴെകൊടുത്തിരിക്കുന്ന വാക്കുകൾ തെറ്റില്ലാതെ എഴുതുക.

മലയാളം
അഴക്
ഇത്തിൾക്കണ്ണി
സത്യസന്ധത
വാത്സല്യപൂർവ്വം
ഏലത്തോട്ടം
അരങ്ങേറ്റം
ശീർഷകം
ഓണക്കോടി
മാതൃഭാഷ

### 11. വായന

താഴെ തന്നിരിക്കുന്ന വാക്യങ്ങൾ ഉച്ചാരണശുദ്ധിയോടെ വായിക്കുക

ഇലകളും കായ്കളും വീഴുന്തോറും, ജീവിതവനികയിൽ, പുതിയവ പൂക്കുകയും കായ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജീവിതം അനശ്വരമായി മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. സുഖ ദുഖസമ്മിശ്രമാണ് ഭൂമിയിലെ ജീവിതമെങ്കിലും, ജീവൻെറ നാമ്പുകൾക്ക് അവസാനമില്ല.

## സംസ്കൃതം

എട്ടാം ക്ലാസിൽ ആദ്യമായി സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി പുതിയ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഭാഷയുമായി പൊരുത്തപ്പെടുന്നതിന് വേണ്ടി നൂതന പദങ്ങൾ കവിതകൾ എന്നിവ ഉൾപ്പെടുത്തിയുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. എഴുത്ത് വായന എന്നിവയ്ക്ക് പ്രാധാന്യം നൽകിയ പഠനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത്.

# ENGLISH

**Activity 1. Introducing capital and small letters**
**Activity 2.Make Meaningful sentences**

| | | |
|---|---|---|
| He<br>She<br>I<br>You<br>We<br>They | Am<br>is<br>are<br>was<br>were | A teacher<br>playing cricket<br>a policeman<br>writing letters<br>going to school |

**Activity : Poster**
**Prepare a poster against drugs**
**Activity: Placards**
**Prepare some placards on the importance of nature**
**Activity: Introducing Tense forms:**
**Present, pas and Future Tense.**

## HINDI

ഏഴാം ക്ലാസിൽ പഠിപ്പിച്ച കാര്യങ്ങളെ ഓർത്തെടുക്കുന്നു. അക്ഷരങ്ങൾ ചിഹ്നങ്ങൾ,ചെറിയ വാക്കുകൾ,കഥകൾ, കവിതകൾ എന്നിവ അവതരിപ്പിക്കുന്നു. ചെറിയ ചെറിയ ഖണ്ഡികകൾ വായിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു.

## സാമൂഹ്യശാസ്ത്രം

**ചരിത്ര പഠനം:**

സാമൂഹ്യശാസ്ത്രം വിവിധവിഷയങ്ങൾ ചേർന്നതാണ് എന്ന് മനസിലാക്കുന്നു.

ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമ്പത്തികശാസ്ത്രം, സമൂഹശ്സ്ത്രം തുടങ്ങിയവ

ലോകചരിത്രത്തെ ചരിത്രകാരൻമാർ മൂന്നായി തിരിച്ചിരിക്കുന്നു.

പ്രാചീനകാലം

മദ്ധ്യകാലം

നവീനകാലം

പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന ആധുനിക ലോകത്ത് ഓരോ രാജ്യങ്ങളുടെയും, സാംസ്കാരിക, ഭൂമിശാസ്ത്ര സാമ്പത്തിക വിവരങ്ങളും, ലോകത്തിൻെറ, രാജ്യത്തിൻെറ, സംസ്ഥാനത്തിൻെറ, പ്രദേശത്തിൻെറ,സ്ഥാനീയ വിവരങ്ങളും പ്രത്യേകതകളും കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും വ്യാഖ്യാനിക്കുന്നതിനും, ഒരു പ്രദേശത്തിൻെറ രേഖാചിത്രം വരയ്ക്കാനും ഉള്ള കഴിവ് ആർജിച്ചെടുക്കാൻ കഴിയുന്ന തരത്തിൽ ഭൂപട പഠനത്തിനാവശ്യമായ പ്രവർത്തനങ്ങൾ നല്കുന്നു.

## ഫിസിക്കൽ സയൻസ്

- ✗ കുട്ടികൾക്ക് ഗണിതപ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിന് പൊതുവേ ബുദ്ധിമുട്ടനുഭവപ്പെടുന്നതിനാൽ ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ ചെറിയ ചെറിയ ചോദ്യങ്ങളിലൂടെ കൂടുതൽ ക്രിയകൾ ചെയ്യിപ്പിക്കുന്നു.
- ✗ മുൻക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് ചെറിയചെറിയ പരീക്ഷണങ്ങളും ചോദ്യങ്ങളും നൽകി ആശയങ്ങൾ വശദീകരിക്കുവാൻ കുട്ടികളെ പ്രാപ്തനാക്കുന്നു.

✗ മുൻ ക്ലാസുകളിലെ പാഠഭാഗങ്ങളിലെ ആശയങ്ങൾ, ധാരണകൾ എന്നിവ വിശദീകരിക്കവാൻ കുട്ടികൾക്ക് തന്നെ അവസരം നല്കുന്നു. ടീച്ചർ പോരായ്മകൾ ചൂണ്ടിക്കാണിച്ച് വേണ്ട നിർദേശങ്ങൾ നൽകി ആശയവ്യക്തത വരുത്തുന്നു.

## ജീവശാസ്ത്രം

➔ 8,9 ക്ലാസുകളിൽ വാർഷിക മൂല്യനിർണ്ണയ ചോദ്യപേപ്പർ വിശകലനം നടത്തി

➔ ഉത്തരങ്ങൾ എഴുതേണ്ടത് എങ്ങനെയെന്നു, എഴുതുന്ന രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു.

➔ 8 ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ചെറിയ ചെറിയ ചോദ്യങ്ങൾ കൊടുത്ത് മുന്നറിവ് നടത്തി. ശരീര നിർമാണ ഘടകമായ കോശം എന്തൊക്കെയെന്നും അതിൽ നിന്നും ഒരു ജീവി രൂപപ്പെടുന്നതെങ്ങനെയെന്നും ഉള്ള അവബോധം ഉണ്ടാക്കി.

➔ ഒമ്പതാം ക്ലാസിലെ കുട്ടികളെ കോശവിഭജന രീതിയിൽ ഓർമ്മപ്പെടുത്തി പത്താം ക്ലാസിലെ മാറിയ

➔ പാഠപുസ്തകത്തിലെ നാളയുടെ ജനിതകം എന്ന പാഠഭാഗത്തിലേക്കെത്തിച്ചു.

➔

## ഗണിതം

➢ ഗണിതത്തിന്റെ അടിസ്ഥാന വിവരങ്ങൾ മനസിലാക്കുന്നതിന് ഗുണമേന്മ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

➢ സംഖ്യകൾ, ഗുണിതങ്ങൾ, ഘടകങ്ങൾ

➢ ഭിന്നസംഖ്യകൾ-സങ്കലനം,വ്യവകലനം, ഗുണനം,ഹരണം

➢ ദശാംശസംഖ്യകൾ-ക്രിയകൾ

➢ ആവർത്തന ഗുണനം

➢ ത്രികോണം- അടിസ്ഥാന ആശയങ്ങൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ -മലയാളം

| നം | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | പഠനസഹായി/ഉൽപന്നം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ | 3 മാസം | അക്ഷര കാർഡ്<br>ചാർട്ട്<br>പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ. |
| | | മണലിലെഴുത്ത് | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| | | അക്ഷരക്കാർഡ് നൽകി വാക്കുകൾ നിർമ്മിക്കൽ | | | |
| | | വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | ചിത്രങ്ങൾ കാണിച്ച് കഥ പറയൽ, കഥ എഴുതൽ | | | |

| | | | | | |
|---|---|---|---|---|---|
| 2 | വായന പരിപോഷിക്കൽ | സ്കൂൾ ലൈബ്രറി വിപുലീകരണം<br>ക്ലാസ്സ് റൂം ലൈബ്രറി<br>പത്രവായന പ്രോത്സാഹിപ്പിക്കാൻ പത്രം ലഭ്യമാക്കൽ<br>വായനാകുറിപ്പുകൾ-അവതരണം<br>മികച്ച കുറിപ്പുകൾക്ക് സമ്മാനം | ദീർഘ കാലം | പുസ്തകങ്ങൾ<br>പത്രങ്ങൾ<br>മാസികകൾ | പി.ടി.എ.<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ<br>എം.എൽ.എ.<br>എം.പി. ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥി സംഘടന |
| 3 | നാടൻ കലാരൂപങ്ങളുടെ പരിചയപ്പെടൽ | നാടൻ കലാരൂപങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തൽ<br>ചിത്രങ്ങൾ ശേഖരിക്കൽ<br>പിന്നണി ഉപകരണങ്ങൾ പരിചയപ്പെടൽ<br>കലാകാരന്മാരുമായുള്ള അഭിമുഖം<br>ഏതാനും കലാരൂപങ്ങളെ അവതരിപ്പിക്കുക<br>സി.ഡി. പ്രദർശനം | 6 മാസം | പുസ്തകങ്ങൾ<br>സീഡികൾ | പി.ടി.എ.<br>ഡയറ്റ്<br>എം.ഇ.സി. |
| 4 | കാവ്യാസ്വാദന ശീലം പരിപോഷിപ്പിക്കൽ | കവിതാ ശില്പശാല<br>കവിതാരചന തന്ത്രങ്ങൾ പരിചയപ്പെടൽ<br>കവിതകളുടെയും പുസ്തകങ്ങളുടെയും പരിചയം<br>മെച്ചപ്പെടുത്തൽ<br>പതിപ്പു തയ്യാറാക്കൽ | ഹ്രസ്വം | കവിതകൾ<br>പതിപ്പ്<br>ആസ്വാദനം<br>കുറിപ്പ് | ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ |
| 5 | മലയാള നോവൽ സാഹിത്യ പരിചയം | സെമിനാർ | ഹ്രസം | നോവൽ<br>സെമിനാർ<br>റിപ്പോർട്ട് | |
| 6 | സിനിമ പഠന മാധ്യമമായി പ്രയോജനപ്പെടുത്തൽ | സിനിമ-വെള്ളിത്തിരയ്ക്ക് മുന്നിലും പിന്നിലും-ക്ലാസ്<br>ക്ലാസിക് സിനിമകളുടെ പ്രദർശനം<br>ആസ്വാദനം തയ്യാറാക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>തിരക്കഥാ പുസ്തകങ്ങളുടെ | ഹ്രസം | തിരക്കഥാ<br>പുസ്തകങ്ങൾ<br>പതിപ്പ് | സിനിമാ പ്രവർത്തകർ<br>പൂർ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | | പരിചയപ്പെടൽ, വായന | | | |
| | | പരിചയമുള്ള കഥാഭാഗം തിരക്കഥയാക്കൽ | | | |
| | | തിരക്കഥ വിലയിരുത്തൽ | | | |
| | | മെച്ചപ്പെടുത്തൽ | | | |
| 7 | ക്ലാസിക് കലാരൂപങ്ങൾ പരിചയപ്പെടൽ | പ്രോജക്ട് | ഹ്രസ്വം | പ്രോജക്ട് റിപ്പോർട്ട് | വിദ്യാർത്ഥികൾ |
| 8 | സഞ്ചാര സാഹിത്യ പരിചയം | സഞ്ചാര സാഹിത്യകാരൻെറ അനുഭവ വിവരണം | 3 മാസം | ആൽഭം | പി.ടി.എ. |
| | | അഭിമുഖം | | | |
| | | കുട്ടികളുടെ യാത്രാവിവരണം തയ്യാറാക്കൽ | | | |
| | | ഫീൽഡ് ട്രിപ്പ് | | | |
| | | സഞ്ചാരം- സിഡികളുടെ പ്രദർശനം | | | |
| 9 | ചെറുകഥാ പ്രസ്ഥാനം പരിചയപ്പെടൽ | ചെറുകഥാ പ്രസ്ഥാനം -ക്ലാസ് | 3 മാസം | കഥകൾ | വിദ്യാർത്ഥികൾ |
| | | കഥാരചന | | | |
| | | കഥകളുടെ മെച്ചപ്പെടുത്തൽ | | | |
| | | കഥയരങ്ങ് | | | |
| | | പതിപ്പ് തയ്യാറാക്കൽ | | | |
| 10 | മലയാള സാഹിത്യ നായകന്മാരെ പരിചയപ്പെടൽ | ഫോട്ടോകൾ ശേഖരിച്ച് അടിക്കുറിപ്പതയ്യാറാക്കൽ | 1 മാസം | ആൽബം | പി.ടി.എ. |
| | | സാഹിത്യകാരൻമാരുടെ ഫോട്ടോകൾ ലൈബ്രറിയിൽ സ്ഥാപിക്കൽ | | | |
| 11 | മലയാളഭാക്ഷയും സംസ്കാരവും അറിയുക | സാംസ്കാരിക മ്യൂസിയത്തിൻറ വികസനം | ദീർഘകാലം | സാംസ്കാരിക തനിമയുള്ള പഴയ വസ്തുക്കളുടെ ശേഖരം | പി.ടി.എ., പൂർവ്വ വിദ്യാർത്ഥി സംഘടന |
| 12 | സർഗാത്മകത വളർത്തൽ | കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | ഹ്രസ്വം | കയ്യെഴുത്ത് മാസിക | വിദ്യാർത്ഥകൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- സംസ്കൃതം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | പഠനസഹായി | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കുക | 4 മാസം | അക്ഷര കാർഡ്, ചാർട്ടുകൾ പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. |
| | | കാർഡുകളും ചാർട്ടുകളും നൽകി വാക്കുകൾ നിർമ്മിക്കുക | | | |
| | | വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | കഥാരചന പരിശീലനം കഥാ പൂർത്തീകരണം | | | |
| 2 | വായനാ പരിപോഷണം | സംസ്കൃത മാസികകൾ നല്കുന്ന | ദീർഘകാലം | പുസ്തകങ്ങൾ | പി.ടി.എ. |
| | | സംസ്കൃത കഥാ പുസ്തകങ്ങളുടെ ശേഖരണം | | | |
| | | സുഭാഷിത പുസ്തകങ്ങളുടെ പഠനം | | | |
| 3 | സർഗ്ഗാത്മകത വളർത്തൽ | കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | ഹ്രസം | കയ്യെഴുത്ത് മാസിക | വിദ്യാർത്ഥികൾ |
| 4 | കാവ്യാസ്വാദന ശീലം സമസ്യാപൂരണ | കവിതാ ശില്പശാല | ഹ്രസം | കവിതകൾ | ഡയറ്റ് |
| | | സമസ്യാ പൂരണ പരിശീലനം | | | |

5. സ്കൂൾ സംസ്കൃതം കൗൺസിൽ- സംസ്കൃതഭാഷാ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്കൃത കലോത്സവത്തിന് കുട്ടികളെ ഒരുക്കൽ, സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുക, സംസ്കൃതവുമായി ബന്ധപ്പെട്ട മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കുക.

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഇംഗ്ലീഷ്

| നം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | പഠനസഹായി | പിന്തുണ |
|---|---|---|---|---|---|
| 1 | പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രശ്നം പരിഹരിക്കുക | ELAP: English Language Acquisition Programme | 3 മാസം | ന്യൂസ് പേപ്പർ, ക്ലാസ് മാസിക | പിടിഎ |
| 2 | വായന | ക്ലാസ് ലൈബ്രറി | 3 മാസം | പുസ്തകങ്ങള് | MLA, MP |

| | | | | | |
|---|---|---|---|---|---|
| | പരിപോഷിപ്പിക്കൽ | രൂപീകരണവും ശാക്തീകരണവും | | ന്യൂസ് പേപ്പര് മാഗസിൻ | **FUND,** ലൈബ്രറി കൗൺസിൽ |
| **3** | സർഗ്ഗാത്മകത പരിപോഷിപ്പിക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് അസംബ്ലി **A Writer a week** | **6 months** | **Magazine, Notice board** | **English Club** |
| **4** | **Speaking** | **English Workshop** പ്രസംഗ കളരി ബിബിസി വാർത്തകൾ **English Day Interaction with foreigners,** | **6 Months** | **TV News Debates Films** | **Peer Groups Language Experts** |
| **5** | **English Language Acquisition** | **Proficiency Programme** കവിതാലാപനം ഉപന്യാസരചന കഥാരചന കവിതാരചന ക്വിസ് പ്രോഗ്രാം | **Long Term** | **Competitions Books** | **English Club, English Teachers Librarians** |
| **6** | ഇംഗ്ലീഷ് ഭാഷ അതിന്റെ എല്ലാ പ്രത്യേകതകളോടും കൂടി ശ്രവിക്കുന്നതിനും ഉച്ചാരണ ശുദ്ധിയോടെ പുനരവതരിപ്പിക്കുന്നതിനും | ലാംഗ്വേജ് ലാബ് ടിവി വാർത്തകൾ | ദീർഘകാലം | വീഡിയോ,ഓഡിയോ സിഡികൾ | ക്ലബുകൾ |
| **7** | അത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനും സമൂഹത്തെ അഭിസംബോധന ചെയ്യുവാനുമുള്ള ശേഷി ആർജിക്കുന്നതിന് | ഇംഗ്ലീഷ് അസംബ്ലി | **3** മാസം | അഭിമുഖം | **English Teachers Experts English News Readers** |
| **8** | ഭാഷാകൃതികൾ പരിചയപ്പെടുന്നതിനും വായന വളർത്തുന്നതിനും | ക്ലാസ് ലൈബ്രറി രൂപീകരണവും ശാക്തീകരണവും ബാഗ് ലൈബ്രറി | **3** മാസം | പുസ്തകങ്ങൾ എഴുത്തുകൾ ആസ്വാദന കുറിപ്പുകൾ | എഴുത്തുകാർ ലൈബ്രറി കൗൺസിൽ വായനശാല |

| | | | | | |
|---|---|---|---|---|---|
| | | | | | ഭാരവാഹികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ഉൽപ്പന്നം | ചുമതല |
|---|---|---|---|---|---|
| 1 | അക്ഷരജ്ഞാനം കൊടുത്ത് പഠന നിലവാരം മെച്ചപ്പെടുത്തുക | അക്ഷർ ത്ധലക്- പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം | 2 മാസം | അക്ഷര കാർഡുകൾ സിഡികൾ | ഹിന്ദി അധ്യാപകർ |
| 2 | പദ സമ്പത്ത് വർദ്ധിപ്പിക്കുക | വ്യക്തിഗത നിഘണ്ടു നിർമ്മാണം മഹത് വചന ശേഖരണം പ്രദർശനം | ദീർഘകാലം | ഹിന്ദി ഡിക്ഷനറി പത്രം | ഹിന്ദി ക്ലബ് ക്ലാസ് ഗ്രൂപ്പുകൾ അധ്യാപകർ |
| 3 | ഹിന്ദി ഭാക്ഷാപഠനം ആസ്വാദ്യകരമാക്കുക | ക്ലാസ് തലത്തിൽ വാർത്താവായന സർഗവേള പതിപ്പുതയ്യാറാക്കൽ പുസ്തക പ്രദർശനം ദിനാചരണങ്ങൾ ഹിന്ദി സിനിമകൾ | ദീർഘകാലം | പുസ്തകങ്ങൾ, പത്രങ്ങൾ ലേഖനങ്ങൾ | പിടിഎ പൂർവ്വ വിദ്യാർത്ഥികൾ |
| 4 | ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള കഴിവ് നേടുന്നതിന് | പുസ്തകവായന, ക്ലബ് തല പ്രവർത്തനങ്ങൾ മത്സരങ്ങൾ | 3 മാസം | ആസ്വാദന ക്കുറിപ്പുകൾ കഥാ പുസ്തകങ്ങൾ | അധ്യാപകർ എഴുത്തുകാർ |
| 5 | ഹിന്ദി സാഹിത്യകാരന്മാരെയു ◌ം രചനകളെയും പരിചയപ്പെടൽ | ലൈബ്രറി സന്ദർശനം ഹിന്ദി ക്കാരുമായുള്ള അഭിമുഖം. കത്തെഴുത്ത് | 1 മാസം | അഭിമുഖ ചോദ്യാവലി ആസ്വാദന ക്കുറിപ്പുകൾ | അധ്യാപകർ പ്രാദേശിക എഴുത്തുകാർ |
| 6 | സംഭാഷണ ശൈലി മനസ്സിലാക്കുക | ഹിന്ദിക്കാരുമായുള്ള ഇടപഴകൽ, സംഭാഷണം തയ്യാറാക്കൽ ഹിന്ദി സിനിമ പ്രദർശനം ഹിന്ദി ദിവസം | 3 മാസം | സിഡികൾ ഹിന്ദി അസംബ്ലി | പൂർവവിദ്യാർത്ഥികൾ സിനിമാ പ്രവർത്തകർ |

| | | | | | |
|---|---|---|---|---|---|
| 7 | ഹിന്ദി ഉത്സവ് | രചനാ മത്സരം | 3 മാസം | വിവിധ സൃഷ്ടികളുടെ ആവിഷ്കാരം | ഹിന്ദി അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- അടിസ്ഥാന ശാസ്ത്രം

## പ്രധാന പ്രവർത്തനങ്ങൾ

1. സയൻസ് -കളികളിലൂടെ, വീട്ടിൽ നിന്ന്
2. ശാസ്ത്ര പദങ്ങളെ പരിചയപ്പെടൽ
3. ശാസ്ത്ര ആൽബം തയ്യാറാക്കൽ
4. ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം
5. ക്ലാസുകളിൽ മിനി അക്വേറിയം, മിനി ലാബുകൾ
6.ശാസ് ത്രോത്സവം
7. ശാസ് ത്ര ക്വിസ് ശാസ് ത്ര ലൈബ്രറി

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക
2. ശാസ്ത്ര പഠനം കുടുംബത്തിനും സമൂഹത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ വളർത്തുക
3. കൂടുതൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പരിമിതിയുള്ള കുട്ടികളെ ശാസ്ത്രീയ മനോഭാവത്തിലേക്ക് എത്തിക്കുക
4. ഭാവി തലമുറയ്ക്കായി ശാസ്ത്രജ്ഞൻമാരെ വാർത്തെടുക്കുക
5. വർത്തമാന കാലഘട്ടത്തിൽ അന്യമായികൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങളെ തിരിച്ചുപിടിക്കാനും ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കാനുമുള്ള അവബോധം വളർത്തുന്നു.
6. പുതിയ കൃഷിരീതികൾ പരിചയപ്പെടുകയും ഭാവിയിൽ അത് പ്രയോജനപ്പെടുത്താനുള്ള മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു

| നം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ഉൽപ്പന്നം | ചുമതല നിർവഹണം |
|---|---|---|---|---|---|
| 1 | 1,2,6 | വീട്ടിൽ ഉപയോഗിക്കുന്ന ഊർജസ്രോതസ്സുകൾ,അവയുടെ ഉപയോഗം,നിയന്ത്രണമാർഗങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | 3 മാസം | പച്ചക്കറികൾ കാർഷിക നിയമങ്ങൾ, | പിടിഎ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൃഷി |

| | | | | | |
|---|---|---|---|---|---|
| | | അടുക്കളത്തോട്ട നിർമ്മാണം<br>ജൈവവളം, ബയോഗ്യാസ്, ഔഷധതോട്ടനിർമ്മാണം.<br>ഭക്ഷണ സാദനങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രിസർവേറ്റീവുകൾ, കളറുകൾ, മായം തിരിച്ചറിഞ്ഞ് പഠനം നടത്തുന്നു | | | ഓഫീസർ ജൈവ കർഷകർ |
| 2 | 3,4 | ലാബ് കിറ്റ്, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സയൻസ് കിറ്റ് തയ്യാറാക്കുന്നു | ഹ്രസ്വം | ലിറ്റ്മസ് പേപ്പർ ലാബ് സാദനങ്ങൾ | അധ്യാപകർ ലാബ് അസിസ്റ്റൻറ് |
| 3. | 1,2 | ശാസ്ത്ര നിഘണ്ടു നിർമ്മാണം | ദീരഘകാലം | സയൻസ് ഡിക്ഷണറി, സയൻസ് മാസികകൾ പത്രങ്ങൾ | സയൻസ് ക്ലബ് അംഗങ്ങൾ സയൻസ് അധ്യാപകർ |
| 4 | 1,2,4 | ശാസ്ത്ര ആൽബം നിർമ്മാണം<br>പതിപ്പ് നിർമ്മാണം | ദീരഘകാലം | ശാസ്ത്ര ലേഖനങ്ങൾ, കവിതകൾ, കഥകൾ | വിദ്യാർത്ഥികൾ |
| 5 | 1,3,6 | ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം | ദീരഘകാലം | ഡിക്ഷണറി, ചിത്രങ്ങൾ, ശാസ്ത്ര മാസിക | ക്ലാസ് ഗ്രൂപ്പുകൾ സയൻറിസ്റ്റുകൾ |
| 6. | 1,2,6 | ക്ലബ് പ്രവർത്തനം-ദിനാചരണം | ഹ്രസ്വം | ശാസ്ത്ര ദിനങ്ങൾ പുസ്തകങ്ങൾ | പിടിഎ അധ്യാപകർ ക്ലബ് |
| 7 | 1,3,4 | ശാസ്ത്ര ക്വിസ്- ശാസ്ത്ര ലൈബ്രറി | ഹ്രസ്വം | പുസ്തകങ്ങൾ സിഡി | വിദ്യാർത്ഥികൾ |
| 8 | 1,2,4,5 | ശാസ്ത്രോത്സവം- വർക്ക്ഷോപ്പ് | ഹ്രസ്വം | മോഡലുകൾ | ക്ലബ് അംഗങ്ങൾ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- സാമൂഹ്യശാസ്ത്രം

## പൊതുലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളിലും ആർജിക്കുക
- സമൂഹിക ചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലനശേഷി, Enquiry skill എന്നിവ എല്ലാ കുട്ടികളിലും ആർജിക്കുക.
- സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തുക.
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- സാമൂഹ്യശാസ്ത്രപഠനശേഷി വികസിപ്പിക്കുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ, ചരിത്രശേഷിപ്പുകൾ നശിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.
- പ്രാചീന-മധ്യ-ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.
- പ്രാദേശിക ചരിത്രാവബോധം വളർത്തുക
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

## സാമൂഹ്യശാസ്ത്രപഠനം-പ്രശ്നങ്ങൾ

### അക്കാദമികം

* എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച ശേഷികൾ,ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

* ഉള്ളടക്കത്തിൻെറ ബാഹുല്യം ആർജിക്കേണ്ട ശേഷികൾ നേടാനാവുന്നില്ല.

* എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.

* വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗികപ്രശ്നങ്ങൾ

* പരിശീലന പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

ഭൗതീകം

* ക്ലാസ് മുറികൾ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് അനുയോജ്യമല്ല.

* ക്ലാസ് ലൈബ്രറികൾ ഇല്ല.

### സാമൂഹികം

* പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

* പ്രാദേശിക വിഭവശേഖരണം നടത്തിയിട്ടില്ല.

| നം | ലക്ഷ്യങ്ങൾ | പഠനപ്രവർത്തനം | കാലദൈർഘ്യം | ഉൽപന്നങ്ങൾ | ചുമതല |
|---|---|---|---|---|---|
| 1 | സാംസ്കാരിക പൈതൃകം തിരിച്ചറിയുന്നു. | ചിത്ര പ്രദർശനം<br>ചിത്ര ഗാലറി | 1 മാസം | ചിത്രങ്ങൾ<br>മാസികകൾ | അധ്യാപകൻ |
| 2 | ഡോക്യുമെൻററി പ്രദർശനം. | സർഗാത്മകത പരിപോഷിപ്പിക്കുക | 1 മാസം | സിഡികൾ | ക്ലബ് |
| 3 | CWSN കുട്ടികളെ പരിഗണിക്കൽ | വിശ്വമാനവികത വളർത്തുക | 6 മാസം | ഐ.സി.റ്റി | പിടിഎ |
| 4 | ജൂൺ മാസത്തിൽ സോഷ്യൽ സയൻസ് ക്ലബ് രൂപീകരിക്കുന്നു.<br>ദിനാചരണങ്ങൾ കണ്ടെത്തുന്നു.<br>റോൾ പ്ലേ, ഷോർട്ട് ഫിലിം | ദേശസ്നേഹം വൾത്തുക<br>സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നു.<br>മാനവിക മൂല്യങ്ങൾ വളർത്തുക<br>നാനാത്വത്തിൽ ഏകത്വം | ഹ്രസ്വ കാലം | സിഡികൾ<br>പുസ്തകങ്ങൾ<br>ജീവചരിത്ര കുറിപ്പുകൾ | ക്ലബ്<br>അംഗങ്ങൾ<br>അധ്യാപകർ |
| 5 | ഡിജിറ്റൽ ആൽബം | 5,6,7,8,9 | 2 മാസം | ചിത്രങ്ങൾ<br>മാഗസിനുകൾ | ക്ലാസ് ഗ്രൂപ്പുകൾ<br>ക്ലാസ് ലീഡേഴ്സ് |
| 6 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെൻറ്, മോക്ക് പാർലമെൻറ്, പ്രകടന പത്രിക, പ്രചാരണം, വോട്ടെടുപ്പ്, സ്കൂൾ പാർലമെൻറ് രൂപീകരിക്കൽ | ഹ്രസ്വം | ഭരണഘടന, വിജ്ഞാപനം, | അധ്യാപകർ,വിദ്യാർത്ഥികൾ.<br>എസ്.ആർ.ജി. |
| 7 | അറ്റ്ലസ് നിർമ്മാണം | 3,11 | ഹ്രസ്വം | മാപ്പുകൾ<br>അറ്റ്ലസുകൾ | വിദ്യാർത്ഥികൾ |
| 8 | ഒരു പ്രദേശത്തിൻറ വിശദമായ സ്ഥലനാമങ്ങൾ,വികസനത്തിൻറ | പ്രാദേശിക ചരിത്ര രചന<br>അഭിമുഖം.<br>ജനപ്രതിനിധികൾ, പ്രായമായ | ഹ്രസ്വം | സ്ഥലനാമ ചരിത്രം | പിടിഎ.<br>പൂർവ വിധ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | വഴികൾ എന്നിവ മനസിലാക്കുന്നതിന് | കുടിയേറ്റക്കാർ,ആദിവാസി ഗോത്ര വിഭാഗത്തിലെ കലാ സാഹിത്യ പ്രവർത്തനങ്ങൾ | | | മുതർന്നവർ |
| 9 | ചരിത്ര മ്യൂസിയം | 5,6,4,8,7,11 | ദീർഘകാലം | പുരാതന വസ്തുക്കൾ | പിടിഎ നാട്ടുകാർ അധ്യാപകർ |
| 10 | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | ഫീൽഡ് ട്രിപ്പ് പഠനയാത്ര | ദീർഘകാലം | യാത്രാവിവരണക്കുറിപ്പ് | വിദ്ധ്യാർത്ഥികൾ |
| 11 | സാമൂഹക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്ര ലാബ് | ദീർഘകാലം | | സാമൂഹ്യശാസ്ത്ര ക്ലബ് |
| 12 | സാമൂഹ്യക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | ബുള്ളറ്റിൻബോർഡ് പത്രവായന അവതരണം | ദീർഘകാലം | അഭിമുഖം ക്യാമ്പുകൾ അഭിരുചി പരീക്ഷകൾ | പിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ -ഗണിതം

## ലക്ഷ്യങ്ങൾ

1. അളവുകളെകുറിച്ചുള്ള ധാരണകളും അവ ഉപയോഗിച്ചുള്ള ക്രിയകളും.
2. തൊഴിലുകൾ കാര്യക്ഷമമായി ചെയ്യാനും ആവശ്യമായ ഗണിതത്തിൻെറ പ്രാഥമിക പാഠങ്ങൾ പരിചയപ്പെടുന്നു.
3. കാര്യ കാരണ ബന്ധത്തോടെ വസ്തുതകൾ വിശകലനം ചെയ്ത് ശരിയായ നിഗമനങ്ങളിലെത്തുന്ന രീതി വളർത്തുക.
4. സംഖ്യപരമായ ആശയങ്ങളുടെയും അമൂർത്തരൂപങ്ങളുടെയും ആസ്വാദനവും ആവിഷ്കാരവും വികസിപ്പിക്കുക.
5. ചതുഷ് ക്രിയകൾ- സാമാന്യ ധാരണ.

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയിളവ് |
|---|---|---|---|---|
| 1 | ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തൽ | ഗണിത ശാസ്ത്രജ്ഞൻമാരെകുറിച്ചുള്ള കഥകളും അവരുടെ ചരിത്രങ്ങളും പരിചയപ്പെടുന്നു. പ്രവർത്തനങ്ങൾ Geogebra, Chart, video | 9,10 | 1 മാസം |
| 2 | അടിസ്ഥാന അറിവ് ആർജിക്കൽ | ചതുഷ് ക്രിയകൾ ഉപയോഗിച്ചുള്ള | 8,9,10 | 4 മാസം |

| | | | | |
|---|---|---|---|---|
| | | പ്രവർത്തനങ്ങൾ.<br>വർക്ക്ഷീറ്റ്, ഗുണനപട്ടിക | | |
| 3 | അടിസ്ഥാന അറിവ് ആർജിക്കൽ | ജാമിതീയ രൂപങ്ങൾ നിർമ്മാണവും തിരിച്ചറിവും | 8,9,10 | 2 മാസം |
| 4 | ഗണിതത്തോട് കൂടുതൽ താത്പര്യം വളർത്തലും അറിവ് ആർജിക്കലും | ഗണിതശാസ്ത്ര ലൈബ്രറി | 8,9,10 | ദീർഘകാലം |
| 5 | പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ | പിർഗ്രൂപ്പ് സ്റ്റഡി.<br>മോർണിംഗ് ഈവനിംഗ് ക്ലാസ് | 8,9,10 | ദീർഘകാലം |
| 6 | ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തൽ | ഗണിത ശാസ്ത്ര ദിനാചരണങ്ങൾ | 8,9,10 | ദീർഘകാലം |
| 7 | | പസിൽസ് | | |
| | | പൂക്കള ഡിസൈനിംഗ് | | |
| | | എൻെറ കണക്ക് പുസ്തകം | | |
| | | ഹോം വിസിറ്റ് | | |
| | | കൗൺസിലിംഗ് | | |
| 8 | ഗണിത നൈപുണി വർദ്ധിപ്പക്കൽ | ക്ലബ് പ്രവർത്തനങ്ങൾ | 8,9,10 | ദീർഘകാലം |
| | | ഗണിത വർക്ക്ഷോപ്പ് | | |
| | | വിദഗ്ദരുടെ ക്ലാസ് | | |
| | | ക്വിസ് | | |
| 9 | ഗണിത സർഗാത്മകത വളർത്തൽ | കൈയ്യെഴുത്ത് മാസിക | 8,9,10 | ഹ്രസ്വം |
| | | സെമിനാർ | | |
| | | വേദഗണിതത്തിൻെറ പ്രയോഗം | | |
| | | ഗണിത പൂക്കള മത്സരം | | |
| | | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ -ഐ.ടി

### രൂപ രേഖ

സ്കൂൾ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടിക്ക് അനായാസം കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ സാധിക്കുക എന്ന ലക്ഷ്യത്തോടെ ദീർഘകാലാടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കുന്നു.

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും താൻ പഠിക്കുന്ന ക്ലാസിനനുസരിച്ചും കമ്പ്യൂട്ടറിൽ പ്രവർത്തനങ്ങൾ ചെയ്യാനുള്ള ശേഷി കൈവരിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ തുറക്കുന്നതിനും ശരിയായ രീതിയിൽ ഷട്ട് ഡൗൺ ചെയ്യുന്നതിനും ശേഷി നേടുന്നു.

കുട്ടിക്കൂട്ടം കുട്ടികളുടെ പ്രയോജനപ്പെടുത്തൽ

കമ്പ്യൂട്ടർ ലാബിൻെറ ഉപയോഗം

ഇപ്പോഴത്തെ കമ്പ്യൂട്ടർ ലാബിൻെറ പ്രവർത്തനരീതി പരിശോധിച്ച് പ്രവർത്തനശേഷി, ഉപയോഗം തുടങ്ങിയവയുള്ള പദ്ധതി തയ്യാറാക്കുന്നു.

## മോണിറ്ററിംഗ്

സീനിയർ അസിസ്റ്റൻെറ്, ഐ.ടി.കോർഡിനേറ്റർ, ക്ലാസ് തല ഐ.ടി. കോർഡിനേറ്റർ മാർ.

സ്കൂൾ വിക്കി-ബ്ലോഗ്

സ്കൂൾ വിക്കി ശരിപ്പെടുത്തി ഡിജിറ്റൽ സാങ്കതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തും.

## പ്രവർത്തനങ്ങൾ

* കമ്പ്യൂട്ടർ ഹാർഡ് വെയർ പരിചയപ്പെടുത്തുന്നതിനുള്ള അവസരം
* വിവിധ സോഫ്റ്റ് വെയർ പരിചയപ്പെടുത്തൽ, ഇൻസ്റ്റലേഷൻ.
* വെബ്സൈറ്റ് നിർമ്മാണം
* കുട്ടിക്കൂട്ടം പരിശീലനം.
* ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ
* ഐടി മത്സരങ്ങൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ- കല-പ്രവർത്തി പഠനം

**ആമുഖം:** എത് തൊഴിലും മഹത്തരമാണ് എന്ന ആശയമാണ് പ്രവർത്തി പഠനം മുന്നോട്ട് വെക്കുന്നത്. സ്കൂൾ പ്രവർത്തി പഠനത്തിലൂടെ മാനവശേഷി വികസനം മാത്രമല്ല നാം ലക്ഷ്യമിടുന്നത്. അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളർന്നു വരുന്നു. അത് അവരിൽ പലവിധത്തിലുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക മാത്രമല്ല തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം ജനിപ്പിക്കുകയും സാമൂഹ്യബന്ധം മെച്ചപ്പെടുത്തുകയും സഹകരണമനോഭാവം വളർത്തി വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുന്നു.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പാചകംചെയ്യാനുള്ള | വിവിധ തരത്തിലുള്ള | 3 മാസം | കുടുംബശ്രീ പ്രവർ |

| | | | | |
|---|---|---|---|---|
| | ശേഷി നേടുന്നു. | പാചകരീതികൾ പരിചയപ്പെടുന്നു | | ത്തകർ<br>പാചക വിധഗ്ദർ<br>പിടി എ |
| 2 | കൃഷി സംസ്കാരം വളർത്തുക | പച്ചക്കറിതോട്ടം<br>ഔഷധതോട്ട നിർമ്മാണം<br>ബോട്ടിൽ ഗാർഡൻ | 6 മാസം | കാർഷിക ക്ലബ്<br>പിടിഎ<br>കർഷകർ<br>പൂർവ്വ വിധ്യാർത്ഥികൾ |
| 3 | വ്യത്യസ്തമായ വരുമാനമാർഗങ്ങൾ മനസിലാക്കുന്നതിന് | ലേൺ ആൻഡ് ഏൺ<br>സോപ്പ് നിർമ്മാണം<br>മൾട്ടി പർപ്പസ് ലോഷൻ | 2 മാസം | അധ്യാപകർ<br>ക്ലബ് അംഗംങ്ങൾ<br>പിടിഎ |
| 4 | വിവിധ തരത്തിലുള്ള വസ്തുങ്ങൾ നിർമ്മിച്ചെടുക്കുന്നതിന് കുട്ടിയെ പ്രപ്തനാക്കുക | പരിശീലന<br>വർക്കഷോപ്പ്<br>ടൈലറിംഗ് | 3 മാസം | ടൈലേഴ്സ്<br>പിടിഎ |
| 5 | കലാവാസനകൾക്ക് പരിപോഷണം | നൃത്തം,ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി പരിശീലനകേന്ദ്രങ്ങൾ | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്<br>കലാധ്യാപകൻ |
| 6 | ചിത്രരചനയിൽ പ്രാവീണ്യം നേടൽ | ചിത്രരചനാ പരിശീലനം | അവധിക്കാലം | എസ്.ആർ.ജി. |

# അക്കാദമിക മാസ്റ്റർപ്ലാൻ- ആരോഗ്യ-കായിക വിദ്യാഭ്യാസം

## ആമുഖം

കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും മാനസിക, ശാരീരിക,ആരോഗ്യം വ്യക്തിയിലും പൊതുസമൂഹത്തിലും നടപ്പിലാക്കുകയാണ് ആരോഗ്യ കായിക പഠനത്തിന്റെ ലക്ഷ്യം. വർത്തമാനകാലത്തിൽ അന്യമായികൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങൾ തിരിച്ച് പിടിക്കാനും ജീവിതശൈലീരോഗങ്ങളെ നിയന്ത്രിക്കാനും പ്രതിരോധിക്കാനും നമുക്ക് കഴിയും. കളികളിൽ പങ്കെടുക്കാനും, ആസ്വദിക്കാനും, സാമൂഹിക,സാംസ്കാരിക ഐക്യം സൃഷ്ടിക്കാനും കുട്ടികളെ സജ്ജരാക്കാനും ആരോഗ്യ കായിക പഠനത്തിന് കഴിയും.. ഭാഷാ വിഷയങ്ങൾ പോലെ ആരോഗ്യ കായിക വിദ്യാഭ്യാസവും പ്രാധാന്യമുള്ളതാണ്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ഈ തത്ത്വം മുൻ നിറുത്തി കായിക വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകേണ്ടതാണ്.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കാൻ | രാവിലെയും വൈകുന്നേരവും പരിശീലനം | ദീർഘകാലം | കായിക അധ്യാപകൻ ട്രയിനേഴ്സ് |
| 2 | നല്ല ദിനചര്യ പരിശീലിക്കൽ | വ്യായാമം, യോഗ | 6 മാസം | പൂർവ്വവിദ്യാർത്ഥികൾ അധ്യാപകർ |
| 3 | ഭിന്നശേഷി കുട്ടികൾക്കായുള്ള ക്ലാസ് | പ്രത്യേകം പരിശീലനം നേടിയ അധ്യാപകരുടെ സഹായത്തോടെ പ്രത്യേക പരിശീലനം നല്കുന്നു. | 8 മാസം | പൂർവ്വ വിദ്യാർത്ഥികൾ |
| 4 | മാനസിക ശാരീരിക ആരോഗ്യമുള്ള വ്യക്തികളായി മാറുന്നതിന് | പോഷകാഹാരം ലഭ്യമാക്കൽ<br>കരാട്ടേ പരിശീലനം<br>യോഗ<br>മെഡിക്കല് ചെക്കപ്പ്<br>വിവിധ ഗെയിംസ് പരിശീലനം | 6 മാസം | ഹെൽത്ത് ഇൻസ്പെക്ടർമാർ ഡോക്ടർമാർ അധ്യാപകർ |
| 4 | ലഹരിക്കടിമപ്പെടാതെ സമൂഹത്തോടു ഉത്തരവാദിത്വമുള്ള വ്യക്തിയായി തീരുന്നതിന് | ബോധവൽക്കരണ ക്ലാസ്<br>മോട്ടിവേഷൻ ക്ലാസ്<br>ഡി അഡിക്ഷൻ കേന്ദ്രങ്ങൾ സന്ദർശനം | ഹ്രസ്വം | പോലീസ് ഓഫീസർ ഡോക്ടർമാർ കൗൺസിലർമാർ |

## മാസ്റ്റർ ബ്രെയിൻ

**അക്കാദമിക പ്രവർത്തനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നവർക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടി.**

### പ്രതീക്ഷിത നേട്ടങ്ങൾ

- പൊതുവിജ്ഞാനം വളർത്തുന്നതിന്
- NMMSE പോലുള്ള മത്സര പരീക്ഷകൾ വിജയിക്കുന്നതിന്.
- സിവിൽ സർവീസ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നത്.

### പ്രവർത്തന ഘട്ടങ്ങൾ

- ഓരോ ക്ലാസിലും പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികളെ പരീക്ഷകൾ നടത്തി തിരഞ്ഞെടുക്കുന്നു.
- ആഴ്ചയിൽ മൂന്ന് മണിക്കൂർ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസുകൾ നല്കുന്നു.

- വിവിധ മേഖലകളിൽ വിദഗ്ദരായവരുമായി അഭിമുഖം സംഘടിപ്പിക്കുന്നു.
- സംവാദങ്ങൾ, പ്രസംഗ പരിശീലനം, interviews,പുസ്തക വായനയും അവലോകനവും തുടങ്ങിയ ഘട്ടങ്ങളിലൂടെ കുട്ടി കടന്നു പോകുന്നു.
- ശാസ്ത്രാഭിരുചി വളർത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾ.

എല്ലാവരും എഴുതുന്നു......

എല്ലാവരും വായിക്കുന്നു....

**സ്കൂളിലെ പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ പ്രത്യേക പരിശീലനത്തിലൂടെ പഠന നിലവാരം ഉയർത്തുന്നതിന്.**

**പ്രതീക്ഷിത നേട്ടങ്ങൾ**

- സ്കൂളിലെ മുഴുവൻ കുട്ടികളും എഴുത്ത് വായന, ചതുഷ്ക്രിയകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക
- പഠന പ്രവർത്തനങ്ങൾ ചെയ്യാൻ പ്രയാസമനുഭവപ്പെടുന്ന കുട്ടികളെ മറികടക്കാൻ പ്രാപ്തരാക്കുന്നു.
- ഭാഷാപരമായ നൈപുണി നേടുക.

**പ്രവർത്തന ഘട്ടങ്ങൾ**

- പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികളെ പ്രി ടെസ്റ്റ് നടത്തി കണ്ടെത്തുന്നു.
- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.
- ഭാഷാപരമായ നൈപുണി നേടുന്നതിന് മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നി ഭാഷകളിൽ പ്രതേക പരിശീലനം നല്കി പഠന നിലവാരം ഉറപ്പാക്കുന്നു.
- എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കുന്നതിന് വിവിധ പഠന പ്രവർത്തനങ്ങൾ നല്കുന്നു.

## ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലാകമാനം രൂപീകരിച്ചുകൊണ്ടിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണഘട്ടങ്ങളിൽ ഇ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്കാവശ്യമായ ഫലപ്രദമായ ചർച്ചകളും നിർദേശങ്ങളും സമൂഹത്തന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ലഭിക്കുകയുണ്ടായി. വിദ്യാലയം സമൂഹ പിന്തുണയോടെ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ആസൂത്രണവും അതിന്റെ നടത്തിപ്പും പൊതു ജന പങ്കാളിത്തത്തോടെയും ഉത്തരവാദിത്വത്തോടെയും നടപ്പിലാക്കുന്നതിനും അങ്ങനെ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ ആകുന്നതിനുള്ള വിവിധ പദ്ധതികളാണ് ഈ രൂപരേഖയിൽ ഉൾ

ക്കൊള്ളിച്ചിരിക്കുന്നത്. വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും, അക്കാദമിക് മേഖലയിലെ പരിമിതികൾ മനസ്സിലാക്കി പരിഹാരബോധനത്തിലൂടെ പഠനം വിദ്യാർത്ഥികൾക്ക് രസകരവും, വിജ്ഞാന പ്രദവുമാക്കി മാറ്റുന്നതിനാണ് ഈ പദ്ധതി രൂപരേഖയിൽ മുൻതൂക്കം നല്കിയിരിക്കുന്നത്. വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ തിരിച്ചറിഞ്ഞ് നിരന്തരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാധ്യതകളും രൂപരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സ്റ്റാഫ് അംഗങ്ങൾ, പിടിഎ, എസ്.എം.സി., സാമൂഹ്യ സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകർ, മാനേജ്മെന്റ് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

# THANK YOU